**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1906** **13-02-2025 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് എന്നു വ്യക്തമാക്കുമോ; | (എ) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി ചെലവിന്റെ (2815 കോടി) 50 ശതമാനം കേരള സർക്കാർ കിഫ്ബി വഴി വഹിക്കുന്നതാണ് എന്ന് G.O(Ms). No. 1/2021/Trans തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് (3900 കോടി) പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. ആയത് സർക്കാർ പരിഗണിക്കുകയും അങ്കമാലി - ശബരി റെയിൽവേ പദ്ധതിയുടെ 50% ചെലവ് വഹിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ സന്നദ്ധത റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതി മരവിപ്പിച്ചതിനാൽ മറ്റു പുരോഗതി ഒന്നും തന്നെ ഉണ്ടായിട്ടില്ല. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. അങ്കമാലി - എരുമേലി - ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവേയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത റെയിൽപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; സംസ്ഥാനം നിർദ്ദേശിച്ച വ്യവസ്ഥ ഒഴിവാക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന്, പദ്ധതിയുടെ 50% ചെലവ് വഹിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ സന്നദ്ധത റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ വഹിക്കുന്ന ചെലവ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും ഒഴിവാക്കി തരണമെന്നും അറിയിച്ചിരുന്നു. എന്നാൽ നിർമ്മാണച്ചിലവിന്റെ 50% |

| | | | |
|---|---|---|---|
| | | | പങ്കിടുന്നതിന് സംസ്ഥാനം മുന്നോട്ട് വച്ച വ്യവസ്ഥയ്ക്ക് പകരം ത്രികക്ഷി കരാറിലേർപ്പെടുന്നതിനു റെയിൽവേ നിഷ്കർഷിക്കുകയുണ്ടായി. |
| (സി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതി റെയിൽവേയും സംസ്ഥാന സർക്കാരും 50:50 എന്ന ചിലവ് പങ്കിടൽ വ്യവസ്ഥയിൽ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ 50 ശതമാനം ചിലവ് വഹിക്കുന്നതിനു തീരുമാനിച്ചിരുന്നു. 2025-26 ബജറ്റ് പ്രകാരം ഈ പദ്ധതി സർക്കാരിന്റെ MIDP വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പാത നിർമ്മാണം ഭാവിയിൽ റെയിൽവെ വികസനത്തിന് എത്രമാത്രം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | അങ്കമാലിയും പ്രസിദ്ധമായ ശബരിമല ക്ഷേത്രത്തിന്റെ പ്രവേശന കവാടമായ എരുമേലിയേയും ബന്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതി ശബരിമല തീർഥാടകർക്ക് ഏറെ സൗകര്യമാകുന്നതോടൊപ്പം ഹൈറേഞ്ച് ജില്ലയായ ഇടുക്കിയേയും കേരളത്തിന്റെ പ്രാന്തപ്രദേശങ്ങളേയും ബന്ധിപ്പിക്കുകയും ചെയ്യും. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളെ ബന്ധിപ്പിക്കുന്ന പദ്ധതി ഈ മേഖലയിലെ സാമ്പത്തിക വികസനത്തിന് വേഗം കൂട്ടും. ശബരി റെയിൽവേ പദ്ധതി കേരളത്തിന്റെ റെയിൽവേ വികസന പാതയിൽ ഒരു വഴിത്തിരിവാകും. നീണ്ട കാലതാമസവും ചെലവിൽ ഭീമമായ വർദ്ധനവും സംഭവിച്ചിട്ടുണ്ടെങ്കിലും പദ്ധതി പുനരാരംഭിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ട്രെയിൻ രഹിത ഇടുക്കി ജില്ലയ്ക്ക് ഒരു റെയിൽവേ ലൈൻ ലഭിക്കുന്നു. ഇത് ഇടുക്കിയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉത്തേജിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് യാത്രാച്ചെലവും യാത്രാ സമയവും റോഡപകടങ്ങളും വലിയൊരളവുവരെ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ശബരിമലയ്ക്ക് സമീപം അങ്കമാലി മുതൽ എരുമേലി വരെ 110 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപ്പാത പൂർത്തിയാകുന്നതോടെ പാലാ, തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം, പെരുമ്പാവൂർ, അങ്കമാലി എന്നീ അഞ്ച് മുനിസിപ്പാലിറ്റികൾക്കും കേരളത്തിലെ 11 ചെറുപട്ടണങ്ങൾക്കും പുതിയ റെയിൽവേ സ്റ്റേഷനുകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ